# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 583** **11.12.2012-ൽ മറുപടിയ്ക്ക്**

**സ്വകാര്യ ചിട്ടികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തും സംസ്ഥാനത്തിനു പുറത്തും രജിസ്റ്റർ ചെയ്ത്, സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്വകാര്യ ചിട്ടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) & (ബി) | ഇത്തരം ചിട്ടികളുടെ രജിസ്ട്രേഷൻ പ്രാരംഭഘട്ടത്തിലാണ്. നിലവിൽ 61 കമ്പനികളുടെ ചിട്ടികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇത്തരത്തിൽ എത്ര സ്വകാര്യ കമ്പനികൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ ; | | |
| (സി) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ചിട്ടികമ്പനികളുടെ തകർച്ചയെ സംബന്ധിച്ച പോലീസ് രഹസ്യാന്വേഷണ വിഭാഗത്തന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ; | (സി), (ഡി) & (ഇ) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന ചിട്ടി കമ്പനികളുടെ തകർച്ചയെ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടില്ല. അനധികൃതമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കമ്പനികളെക്കുറിച്ച് ലഭിച്ച രഹസ്യാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലകളിലെ പോലീസ് മേധാവികളോട് ജില്ലാ രജിസ്ട്രാറോടൊപ്പം പരിശോധന നടത്തുന്നതിനും നിയമം ലംഘിച്ചിട്ടുള്ളവരുടെ പേരിൽ നിയമനടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകുവാൻ സംസ്ഥാന പോലീസ് മേധാവിയോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | നിയമാനുസൃതം രജിസ്റ്റർ ചെയ്തവയോടൊപ്പം നിയമവിരുദ്ധമായും ചിട്ടികൾ നടത്തുന്നതും, ചിട്ടിയുടെ മറവിൽ അന്യായമായ പലിശയും പിഴപലിശയും മറ്റും ബലം പ്രയോഗിച്ച് ഈടാക്കി വരുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | | |
| (ഇ) | നിയമാനുസൃതമല്ലാതെ ചിട്ടി നടത്തി, ചിറ്റാളന്മാരിൽ നിന്ന് ബലം പ്രയോഗിച്ച് പണം ഈടാക്കി വരുന്നതായ സംഭവങ്ങളിൽ സർക്കാർ സ്വീകരിച്ച നടപടി എന്താണ് ; വിശദമാക്കുമോ ? | | |

B.V. Kumar

സെക്ഷൻ ഓഫീസർ